No: E 03/22

**ദൈവകൃപയാൽ**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ശൈഹീക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ**
**യുറോപ്പ് (except UK & Ireland) ഇടവകകളുടെ**
**ഡോ. കുര്യാക്കോസ് തെയോഫീലോസ് മെത്രാപ്പോലീത്ത.**

MALANKARA SYRIAN ORTHODOX CHURCH
THEOPHILOSE KURIAKOSE METROPOLITAN
EUROPE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ യൂറോപ്പിലെ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും ഭരണസമിതി അംഗങ്ങൾക്കും ശേഷം ആത്മീയമക്കൾക്കും കർത്താവിൽ വാഴ്വ്

പ്രിയരേ,

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു" എന്നരുളിച്ചെയ്ത നമ്മുടെ രക്ഷിതാവായ കർത്താവിന്റെ പുനരുത്ഥാനപ്പെരുന്നാളിൽ നാം പങ്കുചേരുകയാണല്ലോ. കർത്തൃ ശിഷ്യരെ സംബന്ധിച്ച് വളരെ പ്രതീക്ഷകളോടും, ധൈര്യത്തോടും കൂടിയായിരുന്നു കർത്താവിന്റെ കൂടെയുള്ളവരുടെ യാത്ര. എന്നാൽ അപ്രതീക്ഷിതമായ ഗുരുവിന്റെ വേർപാട് ശിഷ്യഗണങ്ങളെ ഭയത്തിലേക്കും, നിരാശയിലേക്കും നയിച്ചു. സർവവും നഷ്ടപ്പെട്ട് തങ്ങളുടെ ജീവൻപോലും അപകടത്തിലാണ് എന്ന് ഭയപ്പെട്ടു. താൻ മരിച്ച് ഉയർത്തെഴുന്നെൽക്കുമെന്ന് കർത്താവ് പറഞ്ഞ വചനം അവർ മറന്നു. അവരുടെ പ്രതിസന്ധിയുടെയും, അനിശ്ചിതത്വത്തിന്റെയും നടുവിലാണ് മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ കർത്താവ് അവർക്ക് പ്രത്യക്ഷനായത്. കർത്താവിന്റെ സാന്നിധ്യം വീണ്ടും അവർക്ക് ധൈര്യവും, ശക്തിയും, പ്രത്യാശയും, നൽകി. അപ്രതീക്ഷിതമായ മഹാമാരിയും, ജീവിത തകർച്ചകളും, യുദ്ധവും ഇന്ന് മനുഷ്യകുലത്തെ തകർത്തിരിക്കുകയാണ്. സുരക്ഷിതമെന്ന് കരുതിയിരുന്ന യൂറോപ്യൻ ഭൂഖണ്ഡം പോലും യുദ്ധ ഭീഷണിയിലും അനിശ്ചിതത്വത്തിലുമായിരിക്കുന്നു. സർവവും നഷ്ടപ്പെട്ട് അഭയാർഥികളായി അനേകർ അലയുന്നു. ഇതിനൊരു അവസാനമില്ലേ എന്ന രോദനം മനുഷ്യ ഹൃദയങ്ങളിൽ നിന്ന് ഉയരുന്നു. ഇവിടെയാണ് കർത്താവിന്റെ ഉയിർപ്പുപ്പെരുന്നാളിന്റെ സാംഗത്യം. തകർച്ചകൾക്കും, അസ്വസ്ഥതകൾക്കും, തിന്മകൾക്കും, മരണത്തിനുമപ്പുറം സമാധാനവും, നന്മയും, ജീവന്റെ അനുഭവവും സംജാതമാകും എന്ന പ്രത്യാശയുടെ കിരണമാണ് ഉയിർപ്പ്. നിത്യ ജീവനും പ്രത്യാശയുമായ കർത്താവിനെ ദർശിച്ച് നമുക്ക് ധൈര്യത്തോടെ മുന്നോട്ടുപോകാം. ഉയിർപ്പിന്റെ നാഥന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിലും, ഭവനങ്ങളിലും വസിക്കട്ടെ. എല്ലാവർക്കും ഉയിർപ്പ് മംഗളങ്ങളും ഉത്ഥിതന്റെ സമാധാനവും ആശംസിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളേടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യക മർത്തമറിയം അമ്മയുടെയും ശ്ലീഹൻമാരിൽ തലവനായ പരിശുദ്ധ പത്രോസിന്റെയും ഭാരതത്തിന്റെ കാവൽ പിതാവായ മോർ തോമ്മാശ്ലീഹയുടെയും പ്രാർത്ഥനകളാൽത്തന്നെ, **ആമ്മീൻ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.**

ഉദയഗിരി സെമിനാരിയിൽ നിന്നും
2022 എപ്രിൽ മാസം 16-ാം തിയതി

**ഡോ. കുര്യാക്കോസ് തെയോഫീലോസ്**
**മെത്രാപ്പോലീത്ത**